പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 900 | 14/01/2021 ൽ മറുപടിക്ക്

## കൽപ്പറ്റ മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

ചോദ്യം

**ശ്രീ.സി.കെ. ശശീന്ദ്രൻ**

മറുപടി

**അഡ്വ .കെ.രാജു**

(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി).

| | | | |
|---|---|---|---|
| (എ) | ഈ സർക്കാരിന്റെ കാലത്ത് കൽപ്പറ്റ മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; ആയതിനായി ചെലവഴിച്ച തുക എത്രയെന്നും അറിയിക്കുമോ; | (എ) & (ബി) | അനുബന്ധമായി ചേർത്തിട്ടുണ്ട് |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് മൃഗസംരക്ഷണ വകുപ്പ് മുഖേന കൽപ്പറ്റ മണ്ഡലത്തിൽ കർഷകർക്ക് നൽകിയ ആനുകൂല്യങ്ങൾ വർഷം തിരിച്ച് വിശദമാക്കാമോ; | | |
| (സി) | മണ്ഡലത്തിൽ 2018, 2019 വർഷങ്ങളിലെ പ്രളയത്തിന്റെ ഭാഗമായി വകുപ്പ് എത്ര രൂപയുടെ നഷ്ടപരിഹാരം നൽകിയെന്ന് അറിയിക്കുമോ; ഇനി ഏതെങ്കിലും തരത്തിലുള്ള നഷ്ടപരിഹാര തുക നൽകാൻ ബാക്കിയുണ്ടോ; വിശദമാക്കാമോ? | (സി) | 2018 പ്രളയ നഷ്ട പരിഹാര തുക - 4099600/-<br>2019 പ്രളയ നഷ്ട പരിഹാരതുക -1323450/- |

സെക്ഷൻ ഓഫീസർ

# അനുബന്ധം

**കല്പറ്റ മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതി വിശദാംശങ്ങളും അനുവദിച്ച ആനുകൂല്യങ്ങളും**

## 1) സ്കൂളുകളിലെ ജന്തുക്ഷേമ ക്ലബുകൾ (ANIMAL WELFARE CLUB IN SCHOOLS )

തെരഞ്ഞെടുത്ത സ്കൂളുകളിൽ നടപ്പിലാക്കുന്ന ഈ പദ്ധതി കുട്ടികൾക്ക് മൃഗങ്ങളോടുള്ള സ്നേഹവും കരുണയും വർദ്ധിപ്പിക്കുന്നതിനും സമ്പാദ്യശീലം ഉണ്ടാക്കുന്നതിനും ലക്ഷ്യമിടുന്നു. തെരഞ്ഞെടുത്ത സ്കൂളുകളിലെ പിടിഎ യുടെ സഹകരണത്തോടെ നടപ്പിലാക്കുന്നു. തെരഞ്ഞെടുത്ത കുട്ടികൾക്ക് (മൃഗസംരക്ഷണ മേഖലയിൽ പ്രവർത്തിക്കാൻ താത്പര്യമുള്ള) ആട്, മുയൽ തുടങ്ങിയ മൃഗങ്ങളേയോ കോഴികളെയോ നൽകുന്നു. ഈ കുട്ടികൾ ഉൾപ്പെട്ട ഒരു ക്ലബ് രൂപവത്കരിക്കുന്നു. ഇതൊടനുബന്ധിച്ച് പ്രശ്നോത്തരികൾ, പെയിന്റിംഗ് മത്സരം, ഉപന്യാസ മത്സരം തുടങ്ങിയവയും സംഘടിപ്പിക്കുന്നു.

മുകളിൽ പ്രസ്താവിച്ചിട്ടുള്ള പദ്ധതിയുടെ സാമ്പത്തിക വർഷം തിരിച്ചുള്ള പദ്ധതി തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നമ്പർ | 2016-17 | 2017-18 | 2018-19 | 2019-2020 |
|---|---|---|---|---|
| 1 | 51400 | 51300 | - | 51400 |

## 2) ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്

മലബാറി ആടുകളുടെ പ്രജനന യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 5 ആടുകളെ വാങ്ങാൻ സഹായിക്കുന്നതാണ് പദ്ധതി. 50000 രൂപ മുതൽ മുടക്കു വരുന്ന പദ്ധതിക്കായി 25,000/-രൂപ ഡിപ്പാർട്ട്മെൻറ് സബ്സിഡിയും ബാക്കി ഗുണഭോക്തൃ വിഹിതവുമാണ്. മലബാറി ആടുകളുടെ ബ്രീഡിംഗ് യൂണിറ്റുകളുടെ ശാക്തീകരണമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. പ്രസ്തുത പദ്ധതിയിൽ 2016 മുതൽ 2020 വരെയുള്ള കാലയളവിൽ ആകെ 103 ഗുണോഭോക്താക്കൾക്കു സർക്കാർ ധനസഹായം നൽകി.

മുകളിൽ പ്രസ്താവിച്ചിട്ടുള്ള പദ്ധതിയുടെ സാമ്പത്തിക വർഷം തിരിച്ചുള്ള പദ്ധതി തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നമ്പർ | 2016-17 | 2017-18 | 2018-19 | 2019-2020 |
|---|---|---|---|---|
| 1 | 850000 | 425000 | 850000 | 650000 |

### 3) പ്രൊഡക്ഷൻ യൂണിറ്റുകളുടെ ശാക്തീകരണം-പന്നിയുത്പ്പാദന യൂണിറ്റ്

പന്നികളെ വളർത്തുന്ന കർഷകർക്ക് കൂടുണ്ടാക്കുവാനും ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുവാനും അഞ്ചു പന്നിക്കുഞ്ഞുങ്ങളെ വാങ്ങിക്കുന്നതിനും സബ്സിഡി നൽകുന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്. കർഷകർക്ക് പന്നിയുത്പാദന യൂണിറ്റ് നിർമ്മിച്ച നൽകുന്നതിനായി ഒരു ലക്ഷം രൂപ ചെലവ് വരുന്ന പദ്ധതിക്കായി അൻപതിനായിരം രൂപ സബ്സിഡി നൽകുന്നതാണ് പദ്ധതി .പ്രസ്തുത പദ്ധതിയിൽ 2016 മുതൽ 2020 വരെയുള്ള കാലയളവിൽ ആകെ 14 ഗുണോഭോക്താക്കൾക്കു സർക്കാർ ധനസഹായം നൽകി.

മുകളിൽ പ്രസ്താവിച്ചിട്ടുള്ള പദ്ധതിയുടെ സാമ്പത്തിക വർഷം തിരിച്ചുള്ള പദ്ധതി തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | 2017-18 | 2018-19 |
|---|---|---|
| 1 | 350000 | 350000 |

### 4) അസിസ്റ്റൻസ് ഫോർ ഇൻസ്റ്റോളിംഗ് മിൽക്കിംഗ് മെഷീൻസ്

ക്ഷീര കർഷകരുടെ ഫാമുകളിൽ യന്ത്രവത്കരണത്തിന്റെ ഭാഗമായി കറവയന്ത്രം സ്ഥാപിക്കുന്നതിന് സബ്സിഡി നൽകുന്നതാണ് പദ്ധതി. പ്രസ്തുത പദ്ധതിയിൽ 2016 മുതൽ 2020 വരെയുള്ള കാലയളവിൽ ആകെ 11 ഗുണോഭോക്താക്കൾക്കു സർക്കാർ ധനസഹായം നൽകി.

മുകളിൽ പ്രസ്താവിച്ചിട്ടുള്ള പദ്ധതിയുടെ സാമ്പത്തിക വർഷം തിരിച്ചുള്ള പദ്ധതി തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നമ്പർ | 2016-17 | 2017-18 | 2018-19 | 2019-2020 |
|---|---|---|---|---|
| 1 | 300000 | 75000 | 125000 | 75000 |

### 5) താറാവ് സാറ്റലൈറ്റ് യൂണിറ്റ്

10 താറാവ് കുഞ്ഞുങ്ങളുടെയും അവയ്ക്ക് കൂട്ടം നിർമ്മിക്കുന്നതിനുള്ള ധനസഹായം നൽകുന്നു. 1,200/- രൂപ ഡിപ്പാർട്ട്മെന്റ് സബ്സിഡിയും ബാക്കി ഗുണഭോക്തൃ വിഹിതവുമാണ്. പ്രസ്തുത പദ്ധതിയിൽ 2016 മുതൽ 2020 വരെയുള്ള കാലയളവിൽ ആകെ 50 ഗുണോഭോക്താക്കൾക്കു സർക്കാർ ധനസഹായം നൽകി.

മുകളിൽ പ്രസ്താവിച്ചിട്ടുള്ള പദ്ധതിയുടെ സാമ്പത്തിക വർഷം തിരിച്ചുള്ള പദ്ധതി തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നമ്പർ | 2016-17 | 2017-18 | 2018-19 | 2019-2020 |
|---|---|---|---|---|
| 1 | 0 | 24400 | 24400 | 12200 |

## 6) ലൈവ്സ്റ്റോക്ക് ബയോവേസ്റ്റ് കൺവെർഷൻ - വളക്കുഴി നിർമ്മാണം

ഉറവിടമാലിന്യസംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ക്ഷീരകർഷകർക്ക് വളക്കുഴി നിർമ്മിക്കുന്നതിനായി പന്ത്രണ്ടായിരത്തിഅഞ്ഞൂറു രൂപ സബ്സിഡി അനുവദിക്കുന്നതാണ് പ്രസ്തുത പദ്ധതി . പ്രസ്തുത പദ്ധതിയിൽ 2016 മുതൽ 2020 വരെയുള്ള കാലയളവിൽ ആകെ 116 ഗുണോഭോക്താക്കൾക്കു സർക്കാർ ധനസഹായം നൽകി.

മുകളിൽ പ്രസ്താവിച്ചിട്ടുള്ള പദ്ധതിയുടെ സാമ്പത്തിക വർഷം തിരിച്ചുള്ള പദ്ധതി തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നമ്പർ | 2016-17 | 2017-18 | 2018-19 | 2019-2020 |
|---|---|---|---|---|
| 1 | 0 | 112500 | 950000 | 387500 |

## 7) വന്ധ്യതാ നിവാരണ ക്യാമ്പുകൾ : 5 ലക്ഷം

ക്ഷീരകർഷകരെ എന്നും അലട്ടിക്കൊണ്ടിരിക്കുന്ന ഒരു പ്രശ്നമാണ് കന്നുകാലികളിലെ വന്ധ്യത. കന്നുകാലികൾ കൂടുതലുള്ള പ്രദേശങ്ങൾ തിരഞ്ഞെടുത്ത് ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. മൂന്ന് കുത്തിവെയ്പ്പുകൾക്ക് ശേഷവും ഗർഭിണിയാകാത്ത പശുക്കളെ വിദഗ്ധ പരിശോധനയ്ക്ക് വിധേയമാക്കുകയും കൃത്യമായ രോഗനിർണ്ണയം നടത്തി സൗജന്യമായി ആവശ്യമായ ചികിത്സ കർഷകൻെറ വീട്ടുപടിയ്ക്കൽ ലഭ്യമാക്കുകയും ചെയ്യുന്നു. തുടർ ചികിത്സക്കായി അതത് പ്രദേശത്തെ വെറ്ററിനറി സർജൻെറ സേവനം ഉപയോഗപ്പെടുത്തി ഓരോ കേസും കൃത്യമായി മോണിറ്റർ ചെയ്യുന്നു.

മുകളിൽ പ്രസ്താവിച്ചിട്ടുള്ള പദ്ധതിയുടെ സാമ്പത്തിക വർഷം തിരിച്ചുള്ള പദ്ധതി തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | 2016-17 | 2017-18 | 2018-19 | 2019-2020 |
|---|---|---|---|---|
| 1 | 109000 | 0 | 100000 | 80000 |

## 8) ബാക്ക് യാർഡ് പൗൾട്രി ഡെവലപ്പ്മെൻറ് പ്രോഗ്രാം

അടുക്കളമുറ്റത്തെ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും സ്കൂൾ കുട്ടികളിൽ മൃഗസംരക്ഷണ പ്രവർത്തനങ്ങളോട് ആഭിമുഖ്യം വളർത്തുവാനും ഈ പദ്ധതി ഉപകരിച്ചു. പ്രസ്തുത പദ്ധതിയിൽ 2016 മുതൽ 2020 വരെയുള്ള കാലയളവിൽ ആകെ 4314 ഗുണോഭോക്താക്കൾക്കു സർക്കാർ ധനസഹായം നൽകി.

മുകളിൽ പ്രസ്താവിച്ചിട്ടുള്ള പദ്ധതിയുടെ സാമ്പത്തിക വർഷം തിരിച്ചുള്ള പദ്ധതി തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | 2016-17 | 2017-18 | 2018-19 | 2019-2020 |
|---|---|---|---|---|
| 1 | 652500 | 657460 | 780000 | 715000 |

## 9) കൊമേഴ്സ്യൽ ഗോട്ടറി യൂണിറ്റ്

നിലവിൽ ആട്ട വളർത്തുന്ന കർഷകർക്ക് 2 ലക്ഷം രൂപ മതിപ്പ് ചെലവ് വരുന്ന പദ്ധതിക്ക് 20 പെണ്ണാട്ടും ഒരു മുട്ടനാട്ടും, 1ലക്ഷം രൂപയുടെ കൂട്ടും അനുവദിച്ചു നൽകുന്നു. ഇതിനായി 1 ലക്ഷം രൂപ സബ്സിഡിയിനത്തിൽ നൽകുന്നു. 2018-2019 വർഷത്തിൽ ആകെ ഈ പദ്ധതിക്കായി കൽപ്പറ്റ നിയോജകമണ്ഡലത്തിൽ ചിലവഴിച്ച തുക മൂന്ന് ലക്ഷം രൂപയാണ്. പ്രസ്തുത പദ്ധതിയിൽ 2018 വർഷത്തിൽ മാത്രം 3 ഗുണോഭോക്താക്കൾക്കു സാമ്പത്തിക സഹായം നൽകി .

## 10) ആനിമൽ റിസോഴ്സ് ഡെവലപ്പ്മെൻറ്:- ഇന്ററെസ്റ്റ് സബ്‌വെൻഷൻ

മൃഗസംരക്ഷ മേഖലയിൽ എടുത്തിട്ടുള്ള വായ്പകൾക്ക് പലിശയ്ക്ക് ആനുപാതികമായി കർഷകർക്ക് പലിശക്കുമേലുള്ള സബ്സിഡി നൽകുവാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത പദ്ധതിയിൽ 2018 മുതൽ 2020 വരെയുള്ള കാലയളവിൽ ആകെ 116 ഗുണോഭോക്താക്കൾക്കു സർക്കാർ ധനസഹായം നൽകി

മുകളിൽ പ്രസ്താവിച്ചിട്ടുള്ള പദ്ധതിയുടെ സാമ്പത്തിക വർഷം തിരിച്ചുള്ള പദ്ധതി തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | 2018-19 | 2019-2020 |
|---|---|---|
| 1 | 210000 | 373071 |

## 11) നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ -റൂറൽ ബാക്ക് യാർഡ് ഗോട്ട് ഡെവലപ്മെൻറ്

നിലവിൽ ആട്ട വളർത്തുന്ന കർഷകർക്ക് 66,000/-രൂപ മതിപ്പ് ചെലവ് വരുന്ന പദ്ധതിക്ക് 10 പെണ്ണാട്ടും ഒരു മുട്ടനാട്ടും അനുവദിച്ചു നൽകുന്നു. ഇതിനായി 59,400/-രൂപ സബ്സിഡിയിനത്തിൽ നൽകുന്നു.പ്രസ്തുത പദ്ധതിയിൽ 2018 മുതൽ 2020 വരെയുള്ള കാലയളവിൽ ആകെ 15 ഗുണോഭോക്താക്കൾക്കു സർക്കാർ ധനസഹായം നൽകി

മുകളിൽ പ്രസ്താവിച്ചിട്ടുള്ള പദ്ധതിയുടെ സാമ്പത്തിക വർഷം തിരിച്ചുള്ള പദ്ധതി തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| **ക്രമ നമ്പർ** | **2018-19** | **2019-2020** |
|---|---|---|
| 1 | 534600 | 373071 |

## 12) കന്നുകുട്ടി പരിപാലന പദ്ധതി

ജില്ലയിൽ ജനിക്കുന്ന സങ്കരയിനം പശുകുട്ടികളെ ശാസ്ത്രീയ രീതിയിൽ വളർത്തി അവയുടെ ഉത്പാദന ശേഷി വർദ്ധിപ്പിക്കുന്നതിന് കന്നുകുട്ടിപരിപാലന പദ്ധതി പ്രകാരം സബ്സിഡി നിരക്കിൽ തീറ്റ, ആരോഗ്യപരിരക്ഷ, ഇൻഷുറൻസ് എന്നിവ നൽകി വരുന്നു. പ്രസ്തുത പദ്ധതിയിൽ 2016 മുതൽ 2020 വരെയുള്ള കാലയളവിൽ ആകെ 1065 ഗുണോഭോക്താക്കൾക്കു സർക്കാർ ധനസഹായം നൽകി .

മുകളിൽ പ്രസ്താവിച്ചിട്ടുള്ള പദ്ധതിയുടെ സാമ്പത്തിക വർഷം തിരിച്ചുള്ള പദ്ധതി തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു .

| ക്രമ നമ്പർ | 2016-17 | 2017-18 | 2018-19 | 2019-2020 |
|---|---|---|---|---|
| 1 | 1600000 | 1381250 | 2150000 | 1525000 |

## 13) ഗോവർദ്ധിനി -കന്നുകുട്ടി പരിപാലന പദ്ധതി

ഈ പദ്ധതിയുടെ കീഴിൽ കന്നുകുട്ടികൾക്ക് സബ്സിഡി നിരക്കിൽ തീറ്റ, ആരോഗ്യപരിരക്ഷ, ഇൻഷുറൻസ് എന്നിവ നൽകിവരുന്നു. പ്രസ്തുത പദ്ധതിയിൽ 2016 മുതൽ 2020 വരെ ഉള്ള കാലയളവിൽ ആകെ 867 ഗുണോഭോക്താക്കൾക്കു സർക്കാർ ധനസഹായം നൽകി .

മുകളിൽ പ്രസ്താവിച്ചിട്ടുള്ള പദ്ധതിയുടെ സാമ്പത്തിക വർഷം തിരിച്ചുള്ള പദ്ധതി തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| **ക്രമ നമ്പർ** | **2016-17** | **2017-18** | **2018-19** | **2019-2020** |
|---|---|---|---|---|
| 1 | 2706250 | 0 | 2343750 | 368750 |